# 4. പൂക്കൾ തേടി

അധ്യാപകന്റെ പേര് :

വിദ്യാലയത്തിന്റെ പേര് :

ക്ലാസ് :

വിഷയം :

സമയം :

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| ഘട്ടം 1<br>അധ്യാപകൻ എൽ സി ഡി പ്രൊജക്ടർ സഹായത്തോടെ പാഠഭാഗത്തുള്ള (TB പേജ് 59, 60 ) ചിന്നു മുയലിന്റെയും മിന്നു മുയലിന്റെയും കഥ സ്ക്രീനിൽ അനിമേഷൻ വീഡിയോ പ്രദർശിപ്പിക്കുന്നു. (Resource 1 a) വീഡിയോയോട് അനുബന്ധിച്ച് ചർച്ചയിലേക്ക് നയിക്കുന്നു. 99 നോട് എത്ര ചേർന്നപ്പോഴാണ് 100 ആയത് ?പത്തിന്റെ എത്ര കൂട്ടങ്ങൾ ചേർന്നാൽ 100 ആകും. Or സ്ലൈഡ് പ്രസന്റേഷൻ (Resource 1 b)<br>ഘട്ടം 2<br>പൂക്കളെത്ര ?<br>ചാർട്ടിൽ /എൽസിഡി പ്രൊജക്ടറിൽ നൂറിന്റെ പൂക്കൾ വീതമുള്ള 4 കുട്ടകൾ പ്രദർശിപ്പിക്കുന്നു. 4 കുട്ടയിലും കൂടി എത്ര പൂക്കൾ ഉണ്ട്? കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു. തുടർന്ന് 100 ന്റെ വ്യത്യസ്ത കൂട്ടങ്ങൾ കാണിച്ച് മൂന്നക്ക സംഖ്യകൾ പറയാൻ ആവശ്യപ്പെടുന്നു. തുടർന്ന് TB പേജ് 61 ലെ ചിത്രങ്ങൾക്ക് ഉത്തരമെഴുതാൻ ആവശ്യപ്പെടുന്നു. (Resource 2)<br>ഘട്ടം 3<br>ക്രമത്തിലെഴുതൂ.<br>TB പേജ് 61 ലെ പട്ടിക ചാർട്ട് /എൽസിഡി പ്രൊജക്ടറിൽ കാണിക്കുന്നു. തുടർന്ന് സംഖ്യകൾ ടൈപ്പ് ചെയ്യുകയോ എഴുതുകയോ ചെയ്യാൻ ഓരോ കുട്ടിക്കും അവസരം നൽകുന്നു. തുടർന്ന് പാഠപുസ്തകത്തിലും നോട്ടു ബുക്കിലും എഴുതിക്കുന്നു. (Resource 3)<br>ഘട്ടം 4<br>ചാർട്ടിൽ നൂറിന്റെ മൂന്നു കൂട്ടങ്ങൾ ക്രമം തെറ്റിച്ച് എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. ക്രമമായി എഴുതാൻ അവസരം നൽകുന്നു. ഉദാ: 200, 100, 300 ഉത്തരം 100, 200, 300 400, 200, 300 ഉത്തരം --- --- --- കൂടുതൽ സംഖ്യകൾ നൽകി പ്രവർത്തനം തുടരാം .<br>ഘട്ടം 5<br>ഞങ്ങളെത്ര പറയൂ<br>TB പേജ് 62 ലെ പ്രവർത്തനം ചെയ്യിക്കുന്നു.<br>ഘട്ടം 6<br>വർക്ക്ഷീറ്റ് നൽകിക്കൊണ്ട് കുട്ടികൾക്ക് സ്വതന്ത്രമായി ചെയ്യാൻ അവസരം നൽകുന്നു. (പോർട്ട് ഫോളിയോയിലേക്ക് ) (Resource 4)<br>**മാല കോർക്കാം** | |

| | |
|---|---|
| മാല കോർക്കാം ആഖ്യാനം ചിന്നുവും മിന്നുവും ശേഖരിച്ച പൂക്കൾ എന്തൊക്കെ ചെയ്യാനാണ് അവർ തീരുമാനിച്ചത് ?<br>* മാല<br>* പൂക്കളം<br>എങ്കിൽ ആദ്യം മാലയുണ്ടാക്കാം. മാലയുണ്ടാക്കാനായി കൊണ്ടുവന്ന പൂക്കൾ തരംതിരിച്ചു. ഇനി അവർ ഉണ്ടാക്കിയ മാല നമുക്ക് കണ്ടാലോ ? പ്രോജക്ടറിന്റെ സഹായത്താൽ ഉണ്ടാക്കിയ മാല കാണിക്കുന്നു.( TB പേജ് 62 ലെ മാല ) / ചാർട്ടിൽ വരച്ച മാലയുടെ ചിത്രം കാണിക്കുന്നു. എല്ലാവരും മാല കണ്ടല്ലോ ? എത്ര പൂക്കൾ കൊണ്ടാണ് മാല ഉണ്ടാക്കിയിരിക്കുന്നത് ? എങ്ങനെ കണ്ടെത്താം ? മാലയ്ക്കകത്ത് സംഖ്യകൾ ക്രമമായി എഴുതാൻ ആവശ്യപ്പെടുന്നു. എഴുതുമ്പോൾ 10 ഉം 10 ഉം 20, 20 ഉം 10 ഉം 30 എന്നുപറഞ്ഞ് എഴുതാൻ പ്രോത്സാഹിപ്പിക്കണം. പ്രൊജക്ടറിൽ ചെയ്യുന്ന പക്ഷം സംഖ്യകൾ ടൈപ്പ് ചെയ്യുന്നതിനുള്ള അവസരം നൽകണം. (Resource 1)<br>ഘട്ടം 2<br>പൂക്കളം ഉണ്ടാക്കാം.<br>മാല ഉണ്ടാക്കിക്കഴിഞ്ഞ് മിന്നുവും കൂട്ടുകാരും പൂക്കളം ഉണ്ടാക്കുന്നതിനുള്ള തിരക്കിലാണ്. കൂട്ടുകാർ കൊണ്ടുവന്ന പൂക്കൾ 100 എണ്ണം വീതം കുട്ടയിലും, 10 എണ്ണം വീതം കൂട്ടങ്ങളാക്കിയും വെച്ചു. അവർ കൊണ്ടുവന്ന പൂക്കൾ എത്രയെന്ന് നമുക്ക് കാണാം . TB പേജ് 63 പട്ടിക പ്രൊജക്ടർ /ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ഉത്തരം രേഖപ്പെടുത്തുന്നതിനുള്ള അവസരം നല്കുന്നു. ഉത്തരം ശരിയാണോ എന്ന് പരിശോധിക്കുന്നു. (Resource 2)<br>ഘട്ടം 3<br>നമുക്കും മാല കോർക്കാം<br>ആഖ്യാനം<br>ചിന്നുവിനേയും മിന്നുവിനേയും പോലെ നമുക്കും ഒരു മാല കോർക്കാം. കുട്ടികളെ മൂന്നു ഗ്രൂപ്പ് ആക്കുന്നു. ഓരോ ഗ്രൂപ്പിനോടും അവർ കൊണ്ടുവന്ന പൂക്കൾ/മാലമുത്തുകൾ ഒരുമിച്ചിടാൻ ആവശ്യപ്പെടുന്നു. നിറത്തിനനുസരിച്ച് വേർതിരിച്ച് പത്തിന്റെ കൂട്ടങ്ങളാക്കട്ടെ. പത്തിന്റെ എത്ര കൂട്ടങ്ങൾ ഉണ്ടെന്നും ബാക്കി എത്രയെന്നും നോട്ടുബുക്കിൽ എഴുതാൻ ആവശ്യപ്പെടുന്നു. തുടർന്ന് ഓരോ ഗ്രൂപ്പും ഉപയോഗിച്ച പൂക്കൾ /മാലമുത്തുകൾ, 10 ന്റെ കൂട്ടങ്ങൾ, ഒന്നിന്റെ കൂട്ടങ്ങൾ എന്നിവ വേർതിരിച്ച് മൂന്ന് ഗ്രൂപ്പിന്റേയും BB യിൽ രേഖപ്പെടുത്തുന്നു. ഏറ്റവും കൂടുതൽ പൂക്കൾ/ മാലമുത്തുകൾ ഉപയോഗിച്ച് നിർമ്മിച്ച മാല ഏതാണെന്ന് കുട്ടികളോട് ചോദിക്കുന്നു. ശരിയാണോ എന്ന് പരിശോധിക്കാൻ വേണ്ടി മാലകൾ പ്രദർശിപ്പിക്കുന്നു.<br>TB യിൽ രേഖപ്പെടുത്തുന്നു.<br>ഘട്ടം 4<br>സംഖ്യാമരം<br>നോട്ട്ബുക്കിൽ 50, 60, - - - - 100 ഈ പാറ്റേൺ പൂർത്തീകരിക്കാൻ ആവശ്യപ്പെടുന്നു. അവതരണം നടത്തുന്നു. തുടർന്ന് TB യിലെ സംഖ്യാ മരം പരിചയപ്പെടുത്തുന്നു. തുടർന്ന് ശാഖയിലെ സംഖ്യയും ഇലയിലെ സംഖ്യയും തമ്മിൽ | |

ബന്ധമുണ്ടോയെന്ന് ചോദിക്കുന്നു. വിശദീകരിക്കുന്നു. വിട്ടുപോയ സംഖ്യകൾ കണ്ടെത്തി എഴുതിക്കുന്നു. രണ്ട് പാറ്റേണും ടീച്ചർ BB / ചാർട്ടിൽ എഴുതുന്നു. കുട്ടികളോട് നോട്ടുബുക്കിൽ രേഖപ്പെടുത്താൻ ആവശ്യപ്പെടുന്നു

ഘട്ടം 5

TB പേജ് 65 ലെ ചിത്രം. ഇലകളിൽ ക്രമമായി സംഖ്യ എഴുതിക്കുന്നു. എഴുതിയ സംഖ്യകൾ ക്രമമായി നോട്ടുബുക്കിൽ എഴുതാൻ അവസരം നൽകുന്നു. തണ്ടിന്റെ താഴെയുള്ള ഇലകളിലെ സംഖ്യയും തണ്ടിന്റെ മുകളിലുള്ള സംഖ്യയും പ്രത്യേകം പ്രത്യേകം പട്ടികപ്പെടുത്തുന്നു. സംഖ്യാബന്ധങ്ങൾ കണ്ടെത്തി യുക്തി വിശദീകരിക്കുന്നു.

ഘട്ടം 6

വർക്ക്ഷീറ്റ്

വർക്ക്ഷീറ്റ് നൽകി പ്രവർത്തനം ചെയ്യുന്നു.(ഫോർട്ട് ഫോളിയോയിലേക്ക്)

(Resource 3)

ഘട്ടം 1

അധ്യാപകൻ TB പേജ് 65 ലെ പട്ടിക എൽ സി ഡി പ്രൊജക്ടർ / ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് ഉത്തരമെഴുതാൻ / ടൈപ്പ് ചെയ്യാൻ അവസരം നല്കുന്നു .ഉത്തരം ശരിയാണോ എന്ന് പരിശോധിക്കാൻ അവസരം നല്കുന്നു.

100 ഉം 1 ഉം 101

100 ഉം 5 ഉം 105

100 ഉം 4 ഉം 104

തുടങ്ങിയ ധാരണകൾ കുട്ടികളിലുണ്ടാക്കുന്നു. (Resource 1)

ഘട്ടം 2

സംഖ്യാതോരണം.

ക്ലാസ് പി ടി എ യോടനുബന്ധിച്ച് രക്ഷിതാക്കളെ സ്വീകരിക്കുന്നതിനായി ക്ലാസിൽ നമുക്ക് ഒരു തോരണം തയ്യാറാക്കിയാലോ ? അതിൽ നമുക്ക് സംഖ്യകൾ എഴുതിച്ചേർത്ത് ഒരു സംഖ്യാതോരണം ആക്കാം. മാതൃകയായി ടീച്ചർ ഒരു സംഖ്യാതോരണം (TB പേജ് 66 ) ചാർട്ടിൽ വരച്ച് പ്രദർശിപ്പിക്കുന്നു. വിട്ടുപോയ സംഖ്യകൾ എഴുതുവാൻ നിർദ്ദേശിക്കുന്നു. ശേഷം TB യിൽ രേഖപ്പെടുത്തിക്കുന്നു. ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ ആകർഷകമായ സംഖ്യാതോരണം പ്രദർശിപ്പിക്കുന്നു. കുട്ടികളെ ഗ്രൂപ്പുകളാക്കി സംഖ്യാതോരണം തയ്യാറാക്കുന്നതിനാവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നു. ഓരോ ഗ്രൂപ്പിനോടും ആകർഷകമായ രീതിയിൽ 100 ന്റെ കൂട്ടങ്ങളോട് 1 കൾ ചേർത്ത് സംഖ്യാതോരണം നിർമ്മിക്കാൻ പറയുന്നു.

ഉദാ 200 ---> 1---> 201

300 --> 1---> 301

ക്ലാസിൽ ആകർഷകമായ രീതിയിൽ പ്രദർശിപ്പിക്കുന്നു. മികച്ചത് കണ്ടെത്തുന്നു.

ഘട്ടം 3

| | |
|---|---|
| കൂട്ടുകാർക്കും പൂക്കളും<br>അധ്യാപകൻ പ്രൊജക്ടർ /ചാർട്ട് സഹായത്തോടെ (TB പേജ് 66 ലെ കൂട്ടുകാർക്കും പൂക്കളും പട്ടിക ) പ്രദർശിപ്പിക്കുന്നു. മിന്നുവിന്റെ പൂക്കളം കണ്ട കൂട്ടുകാർ പൂക്കളം ഉണ്ടാക്കാനായി ശേഖരിച്ച പൂക്കളാണ് ഇത്. ആരൊക്കെയാണ് മിന്നുവിന്റെ കൂട്ടുകാർ ? കുരങ്ങൻ 100 ന്റെ എത്ര കൂട്ട പൂക്കൾ കൊണ്ടു വന്നു ? 10 ന്റെ എത്ര കൂട്ടങ്ങൾ കൊണ്ടുവന്നു ? ഒന്നുകൾ എത്രയുണ്ട് ? അങ്ങനെയെങ്കിൽ കുരങ്ങൻ ആകെ എത്ര പൂക്കൾ കൊണ്ടുവന്നു ? ടീച്ചർ BB യിൽ ക്രോഡീകരിക്കുന്നു. തുടർന്ന് മാൻ, തത്ത, ആന ഇവർ കൊണ്ടുവന്ന പൂക്കൾ കണ്ടെത്താൻ അവസരം നൽകുന്നു. (ടൈപ്പ്ചെയ്ത് /എഴുതി ക്രോഡീകരിക്കുന്നു ) കൂടുതൽ പൂക്കൾ ശേഖരിച്ചത് ആരെന്ന് കണ്ടെത്തുന്നു. (Resource 2)<br>ഘട്ടം 4<br>വർക്ക്ഷീറ്റ് (Resource 4)<br>ഘട്ടം 5<br>സംഖ്യയുണ്ടാക്കാം.<br>ക്ലാസിൽ മൂന്നു പെട്ടികളിലായി സംഖ്യകൾ ക്രമീകരിക്കുന്നു. ഒരു പെട്ടിയിൽ 100 എന്നെഴുതിയ കാർഡുകൾ. രണ്ടാം പെട്ടിയിൽ 10, 20, 30, ......... 90 വരെയെഴുതിയ കാർഡുകൾ (സംഖ്യകൾ ആവർത്തിക്കാം ) മൂന്നാം പെട്ടിയിൽ 1 ,2, 3 .........9 വരെയുള്ള സംഖ്യകൾ എഴുതിയ കാർഡുകൾ. (സംഖ്യകൾ ആവർത്തിക്കാം ) തുടർന്ന് ഓരോ കുട്ടിയെ വിളിച്ച് എല്ലാ പെട്ടിയിൽ നിന്നും ഓരോ കാർഡുകൾ വീതമെടുത്ത് അവ ഉപയോഗിച്ചുള്ള മൂന്നക്ക സംഖ്യ രൂപീകരിക്കാൻ ആവശ്യപ്പെടുന്നു. കിട്ടിയ സംഖ്യ നോട്ടുബുക്കിൽ എഴുതിക്കുന്നു. എല്ലാവരും സംഖ്യ നിർമിച്ചശേഷം ഓരോരുത്തരും അവരവർക്ക് ലഭിച്ച കാർഡ് പ്രദർശിപ്പിച്ച് നിർമിച്ച സംഖ്യ പറയിക്കുന്നു. മറ്റുകുട്ടികൾ ഉത്തരം പരിശോധിക്കുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു. TB പേജ് 67 ലെ രാജേഷ് എടുത്ത കാർഡുകൾ ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാൻ പറയുന്നു. തുടർന്ന് കുട്ടികൾക്ക് വീണ്ടും കാർഡുകൾ എടുത്ത് പട്ടിക പൂർത്തിയാക്കാൻ അവസരം നല്കുന്നു. ഓരോ കുട്ടിയും നിർമ്മിച്ച സംഖ്യ ടീച്ചർ പരിശോധിക്കുന്നു. നിങ്ങൾക്ക് കിട്ടിയ ഏറ്റവും വലിയ സംഖ്യ ? ഈ കാർഡ് ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഏറ്റവും വലിയ സംഖ്യ ? ഏറ്റവും ചെറിയ സംഖ്യ ഏത് ?<br>**<u>കടയിലേക്ക്</u>**<br>ചിന്നുവും മിന്നുവും പച്ചക്കറി കൃഷി ചെയ്തിരുന്നു. ഇപ്പോൾ അതിന്റെ വിളവെടുപ്പ് കഴിഞ്ഞു. അവർക്ക് ആവശ്യമായത് എടുത്തശേഷം ബാക്കി പച്ചക്കറി കടയിൽ കൊണ്ടുപോയി വിറ്റു. രണ്ടുപേർക്കും കുറേ നോട്ടുകളും നാണയങ്ങളും കിട്ടി. അവർക്ക് കിട്ടിയ നോട്ടുകളും നാണയങ്ങളും എത്രയാണെന്ന് നമുക്ക് കണ്ടെത്താം. കുട്ടികളെ | |

രണ്ടുഗ്രൂപ്പാക്കി. ഒരു ഗ്രൂപ്പിന് മിന്നുവിന് കിട്ടിയ നോട്ടുകളും നാണയങ്ങളും (ഒരു നൂറു രൂപ, നാല് 10 രൂപ, ഒരു അഞ്ചു രൂപ ) രണ്ടാമത്തെ ഗ്രൂപ്പിന് ചിന്നുവിന് കിട്ടിയ നോട്ടുകളും നാണയങ്ങളും നൽകുന്നു. (ഒരു നൂറു രൂപ, അഞ്ച് പത്ത് രൂപ, 5 ഒരു രൂപ ) കിട്ടിയ നാണയങ്ങൾ പരിചയപ്പെടുന്നതിനും ആകെ എത്ര രൂപയാണ് കിട്ടിയതെന്നും കണ്ടെത്തുന്നു. നോട്ടുകൾ ഗ്രൂപ്പുകൾ മാറ്റി പ്രവർത്തനം തുടരുന്നു. അവതരണം നടത്തുന്നു. ആവശ്യമെങ്കിൽ ടീച്ചർ ഇടപെടുന്നു.

ചിന്നുവിന് എത്ര രൂപ കിട്ടി ?

മിന്നുവിന് എത്ര രൂപ കിട്ടി ?

ആർക്കാണ് കൂടുതൽ കിട്ടിയത് ?

എത്ര കൂടുതൽ ?എങ്ങനെ കണ്ടുപിടിക്കാം ?

ചിന്നുവിനും മിന്നുവിനും കടയിൽ നിന്നും കിട്ടിയ പൈസയിൽ നിന്നും 100 രൂപ വീതം രണ്ടുപേരും അമ്മയ്ക്കു കൊടുക്കാനായി മാറ്റിവച്ചു.ഇനി ഓരോരുത്തരുടെയും കൈയിൽ എത്ര രൂപ ബാക്കിയുണ്ട്.? ടീച്ചർ ഓരോ ഗ്രൂപ്പിലും നൽകിയ നോട്ടുകളിൽ നിന്നും 100 രൂപ വീതം മാറ്റാൻ ആവശ്യപ്പെടുന്നു. ശേഷം ചിന്നുവിന്റേയും മനുവിന്റേയും കൈയിൽ ബാക്കിയുള്ളത് കണ്ടെത്തുന്നു. നോട്ടുബുക്കിലും BB യിലും രേഖപ്പെടുത്തുന്നു.

ചിന്നുവിന്റെ കയ്യിൽ ബാക്കിയുള്ളത് ?

മിന്നുവിന്റെ കയ്യിൽ ബാക്കിയുള്ളത് ?

ഘട്ടം 2

ടീച്ചർ ക്ലാസ് റൂമിൽ ഒരു കട തയ്യാറാക്കുന്നു. ഓരോ സാധനത്തിന്റെ മുന്നിലും സാധനം ഒന്നിന്റെ വിലയും പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് ആവശ്യമായ കളിനോട്ടുകളും നാണയങ്ങളും നൽകുന്നു. ഓരോരുത്തരുടെ കയ്യിലും എത്ര രൂപ വീതമുണ്ടെന്ന് സ്വയം കണ്ടെത്തുന്നു. തുടർന്ന് കയ്യിലുള്ള പൈസ ഉപയോഗിച്ച് ടീച്ചറിന്റെ കടയിൽനിന്നും സാധനങ്ങൾ വാങ്ങാൻ അവസരം നല്കുന്നു. ശേഷം ആവശ്യമായ ചർച്ചകൾ നടത്തുന്നു. ഏതെല്ലാം വിലകളുള്ള സാധനങ്ങൾ വാങ്ങിയപ്പോഴാണ് കൈയിലുള്ള മുഴുവൻ പൈസയും തീർന്നത് ? ഓരോരുത്തർക്കും പ്രതികരിക്കാൻ അവസരം നൽകുന്നു. ക്രോഡീകരണം നടത്തുന്നു.

ചിന്നുവും മിന്നുവും പച്ചക്കറി വിറ്റ് കിട്ടിയ പൈസയിൽ നിന്നും അമ്മയ്ക്ക് 100 രൂപ വീതം നൽകിയിട്ട് ബാക്കിയുള്ള തുകയുമായി കടയിലെത്തി. അവർ വാങ്ങിയ സാധനങ്ങൾ നോക്കു .(TB പേജ് 69 ലെ ചിത്രങ്ങൾ പ്രൊജക്ടർ ഉപയോഗിച്ചു കാണിക്കുന്നു.) (Resource 1) ചിന്നുവിന്റെ കയ്യിൽ ബാക്കിയുള്ള തുകയായ 55 രൂപയ്ക്കാണ് സാധനങ്ങൾ വാങ്ങേണ്ടത്.

ഏതൊക്കെ വിലയ്ക്കുള്ള സാധനങ്ങൾ വാങ്ങാം ? നോട്ട്ബുക്കിൽ എഴുതുന്നു. ടീച്ചർ പരിശോധിക്കുന്നു. TB യിൽ രേഖപ്പെടുത്തുന്നു. മിന്നുവിന് 45 രൂപയ്ക്ക് സാധനങ്ങൾ വാങ്ങണം. ഏതൊക്കെ വിലയ്ക്കുള്ള സാധനങ്ങൾ വാങ്ങാം ? നോട്ടുബുക്കിലും TB യിലും രേഖപ്പെടുത്തുന്നു. തുടർന്ന് 35, 50 എന്നീ സംഖ്യകൾ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാനായി നൽകുന്നു.

ഘട്ടം 3

ചിണ്ടന്റെ ചാട്ടം

ഒരു ദിവസം മിന്നുവിന്റെ പച്ചക്കറി തോട്ടത്തിൽ ചിണ്ടനെലി വന്നു. ഇതുകണ്ട് മിന്നു ഓടി തോട്ടത്തിലെത്തി. മിന്നുവിനെ കണ്ടതും ചിണ്ടൻ മതിലിലൂടെ ചാടിയോടി. മതിലിൽ കുറെ സംഖ്യകൾ എഴുതിയിരുന്നു. ഈ സംഖ്യകളിൽ ചിലതിലൂടെയാണ് ചിണ്ടൻ ചാടിയത്. ചിണ്ടൻ ചാടിയ സംഖ്യകൾ പ്രൊജക്ടർ സഹായത്താൽ കാണിക്കുന്നു. (പേജ് 70 ലെ ചിണ്ടൻ എലി ചാടുന്ന ചിത്രവും സംഖ്യകളും )

(Resource 3)

ഏതെല്ലാം സംഖ്യകളിലൂടെയാണ് ചിണ്ടൻ ചാടിയത് ?

ഉത്തരം TB യിലും നോട്ടുബുക്കിലും രേഖപ്പെടുത്തുന്നു.

ചിണ്ടൻ ചാടാതിരുന്ന സംഖ്യകൾ ഏതെല്ലാം ?

നോട്ടുബുക്കിൽ എഴുതുന്നു. ചിണ്ടൻ ഈരീതിയിൽ ചാടി പോയിരുന്നെങ്കിൽ ഇനി ചാടുന്ന സംഖ്യകൾ ഏതെല്ലാം ? മറ്റു സംഖ്യകൾ ഏതെല്ലാം ? TB യിൽ രേഖപ്പെടുത്തുന്നു.( പാറ്റേൺ പൂർത്തിയാക്കാൻ )

ഘട്ടം 4

വിളവെടുപ്പ്

ചിന്നുവിന്റെ തോട്ടത്തിലെ പച്ചക്കറി തൈകൾ നിരത്തിവച്ചിരിക്കുന്നത് നോക്കൂ. പ്രൊജക്ടർ സഹായത്താൽ TB പേജ് 71 ൽ കൊടുത്തിരിക്കുന്ന വിളവെടുപ്പ് ചിത്രം കാണിക്കുന്നു. (Resource 4) ചട്ടിയിൽ നമ്പർ ഇട്ടിരിക്കുന്നതിൽ ചിലത് വിട്ടുപോയി. വിട്ടുപോയവ വ്യക്തിഗതമായി എഴുതിക്കുന്നു. കൂട്ടുകാരുടേതുമായി ഒത്തുനോക്കുന്നു. വിലയിരുത്തുന്നു. കുട്ടികൾ പറയുന്ന സംഖ്യകൾ ടീച്ചർ BB യിൽ രേഖപ്പെടുത്തുകയും വേണം.

ഘട്ടം 5.

തക്കാളി തൈകൾ വേർതിരിക്കാം.

മിന്നുവിന്റെ തോട്ടത്തിലെ തക്കാളികൾ പഴുത്തു തുടങ്ങി. മിന്നു വിളവെടുക്കാൻ തീരുമാനിച്ചു. വിളവെടുപ്പിനായി തക്കാളിത്തൈകൾ ഒരു സ്ഥലത്ത് നിരത്തിവച്ചു. തക്കാളിതൈകൾ ഒരു പ്രത്യേക ക്രമത്തിലാണ് വച്ചിരിക്കുന്നത്. ആ ചട്ടിയിലെ നമ്പർ ക്രമമായി എഴുതാമോ ? കുട്ടികൾ TB യിൽ എഴുതി അവതരിപ്പിക്കുന്നു.

ഘട്ടം 6

വർക്ക്ഷീറ്റ് (Resource 5)

**ഗണിതകേളി**

ടീച്ചർ ക്ലാസിൽ ഒരു ഗണിത കേളി അവതരിപ്പിക്കുന്നു. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സംഖ്യാകാർഡുകൾ തയ്യാറാക്കുന്നു. പകുതി കാർഡുകളിൽ സങ്കലന ക്രിയയും ബാക്കി പകുതിയിൽ അവയുടെ ഉത്തരങ്ങൾ എഴുതിയ കാർഡുകളും ക്ലാസ്സിൽ വിതരണം ചെയ്യുന്നു. സങ്കലനക്രിയ കിട്ടിയ കുട്ടികൾ അവരുടെ കൂട്ടുകാരനെ കണ്ടെത്തട്ടെ . 4 +4 , 4 + 2 , 2 + 3 , 8, 6, 5. കുട്ടികളോട് കൂട്ടുകാരനെ കണ്ടെത്തിയ രീതി വിശദീകരിക്കുവാൻ ആവശ്യപ്പെടുന്നു.

ഘട്ടം 2

ഉത്തരം കിട്ടുന്നതിനായി നമുക്കൊരു സങ്കലന പട്ടിക തയ്യാറാക്കിയാലോ ?

അതിനായി ടീച്ചർ TB യിലെ page 72 ലെ കളങ്ങൾ പൂർത്തിയാക്കാം. പട്ടിക

പരിചയപ്പെടുത്തുന്നു. തുടർന്ന് ടീച്ചർ ചാർട്ടിൽ ഇതേ ചിത്രം പ്രദർശിപ്പിക്കുന്നു.

1. വലത്തോട്ട് എത്ര വരെയുള്ള സംഖ്യകൾ എഴുതിയിരിക്കുന്നു ?

2. കുത്തനെ എത്ര വരെയുള്ള സംഖ്യകൾ എഴുതിയിരിക്കുന്നു ?

3. കളങ്ങൾക്ക് ഉള്ളിലുള്ള സംഖ്യകൾ ഏതെല്ലാം ?

4. 4 എന്ന് അവിടെ എഴുതിയിരിക്കുന്നത് എന്തിന് ?

5. 4 എങ്ങനെയാണ് കിട്ടിയത് ?

6. നാലിന് നേരെ ഇടതും മുകളിലുമുള്ള സംഖ്യകൾ ഏതെല്ലാം ?

തുടർന്ന് 7, 12, 17 എന്നീ സംഖ്യകൾ എങ്ങനെയാണ് കിട്ടിയതെന്ന് ചോദിക്കുന്നു.

4 വരാൻ സാധ്യതയുള്ള മറ്റ് കളങ്ങൾ ഏതൊക്കെ ?

കുട്ടികൾ പറയുന്നത് ടീച്ചർ ചാർട്ടിലെ കളങ്ങളിൽ എഴുതുന്നു. ഇതുപോലെ മറ്റു ചില സംഖ്യകൾ ഉത്തരമായി വരുന്ന ചോദ്യങ്ങൾ ഉന്നയിക്കുന്നു. ഉദാ. 15, 18, 3 തുടർന്ന് ഓരോ കളങ്ങളിലും വരുന്നത് ചോദിക്കുന്നു. കുട്ടികൾ പറയുന്നതിനനുസരിച്ച് ഉത്തരങ്ങൾ ശരിയാക്കി എഴുതി ചാർട്ട് പൂർത്തിയാക്കുന്നു. തുടർന്ന് TB യിൽ പൂർത്തിയാക്കാൻ അവസരം നൽകുന്നു.

ഘട്ടം 3

പത്ത് എന്ന സംഖ്യ ഏതൊക്കെ സംഖ്യകൾ കൂടിയപ്പോഴാണ് കിട്ടിയത് ?

1 + 9 , 2 + 8 , ------

-- -- -- കുട്ടികൾക്ക് പറയാൻ അവസരം

നൽകുന്നു. TB യിലെ കളങ്ങൾ പൂർത്തിയാക്കുന്നു.

-- -- --

തുടർന്ന് 16 എന്ന സംഖ്യ ഏതൊക്കെ സംഖ്യകൾ കൂട്ടുമ്പോഴാണ് കിട്ടുന്നത് ?

സ്വതന്ത്രമായി TB യിൽ എഴുതാൻ ആവശ്യപ്പെടുന്നു. കുട്ടികൾക്ക് ഇഷ്ടപ്പെട്ട മൂന്നു സംഖ്യകൾ കൂടി എഴുതി TB യിലെ പട്ടിക പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നു.

ഘട്ടം 4

വർക്ക്ഷീറ്റ് (Resource 1)

ഘട്ടം 1

ടീച്ചർ ചാർട്ടിൽ തയ്യാറാക്കിയ ഒരു പട്ടിക പ്രദർശിപ്പിക്കുന്നു.

1. ---- , 80 , ------
2. 41, 42 -----
3. --, 61 , 62
4. 109, 110, --
5. 120, -- , 122
6. 160, --, ---
7. --, 140, ---

അനുബന്ധ ചർച്ച നടത്തുന്നു. കുട്ടികളിൽ നിന്നും ഉത്തരം സ്വീകരിച്ച് ചാർട്ടിൽ എഴുതുന്നു.

ഘട്ടം 2

| | |
|---|---|
| സംഖ്യാപൂക്കൾ<br>TB page 71 ലെ സംഖ്യാ പൂക്കളുടെ ചിത്രം സ്ക്രീനിൽ കാണിക്കുന്നു / TB യിൽ . (Resource 1)കുട്ടികൾക്ക് വിട്ടുപോയ പൂക്കളിലെ അക്കങ്ങൾ ടൈപ്പ് ചെയ്യാൻ അവസരം നൽകുന്നു. ഉത്തരം ശരിയാണോ എന്ന് പരിശോധിക്കുന്നു.<br>ഘട്ടം 3<br>കൃഷിയിലേക്ക്<br>ചിന്നുവും മിന്നുവും പുതുതായി മരച്ചീനി കൃഷി ചെയ്യാൻ തീരുമാനിച്ചു. TB യിൽ ചിന്നുവിന്റേയും മിന്നുവിന്റേയും മരച്ചീനി തോട്ടങ്ങൾ നിരീക്ഷിക്കാൻ അവസരം നൽകുന്നു. ടീച്ചർ മേശയുടെ രണ്ടു ഭാഗങ്ങളിലായി മണ്ണിലോ ലഭ്യമായ മറ്റ് വസ്തുക്കളിലോ മിന്നുവിന്റേയും, ചിന്നുവിന്റേയും തോട്ടത്തിന്റെ മാതൃകയിൽ ഈർക്കിലുകൾ കുത്തിനിർത്തുന്നു.<br>അനുയോജ്യമായ ചോദ്യങ്ങൾ ചോദിക്കുന്നു.<br>ചിന്നു എത്ര കമ്പ് നട്ടു ?<br>മിന്നു എത്ര കമ്പ് നട്ടു ?<br>ആരാണ് കൂടുതൽ നട്ടത് ?<br>എത്ര കൂടുതൽ ? ഉത്തരം കണ്ടെത്തി TB യിലും നോട്ടുബുക്കിലും എഴുതുന്നു.<br>രണ്ടുപേരും കൂടി ആകെ എത്ര കമ്പ് നട്ടു ?<br>എങ്ങനെ കണ്ടെത്താം ?<br>പത്തുവീതം കമ്പുകൾ നട്ട എത്ര വരികൾ ഉണ്ട് ?( രണ്ടിലും കൂടി ) 30 ഉം 20 ഉം കൂട്ടിയാൽ 50<br>4 ഉം 8 ഉം കൂട്ടിയാൽ 12<br>50 ഉം 12 ഉം കൂട്ടിയാൽ 62<br>50 ഉം 10 ഉം 2 ഉം കൂട്ടിയാൽ 62<br>മറ്റൊരു രീതികൂടി പരിചയപ്പെടുത്തുന്നു. രണ്ടിലും കൂടി പത്തിന്റെ എത്ര കൂട്ടങ്ങൾ ? അഞ്ചു കൂട്ടങ്ങൾ<br>5 പത്തുകൾ (10+10+10+10+10) = 50 ബാക്കി 8 + 4 = 12<br>50 + 12 = 62<br>ഘട്ടം 4<br>ചിന്നുവും മിന്നുവും കാത്തിരുന്നു . മാസങ്ങൾ കഴിഞ്ഞപ്പോൾ അവരുടെ മരച്ചീനി പാകമായി. ചിന്നു തന്റെ 34 മരച്ചീനിയിൽ നിന്ന് ഏഴെണ്ണം പിഴുതെടുത്തു. അതിൽ ധാരാളം കിഴങ്ങുകൾ ഉണ്ടായിരുന്നു .ചിന്നു വയറുനിറയെ കഴിച്ചു. ബാക്കി കൂട്ടുകാർക്കും കൊടുത്തു. ബാക്കിയുള്ള മരച്ചീനി പിഴുതെടുത്ത് ചന്തയിൽ വിൽക്കാൻ തീരുമാനിച്ചു.<br>വിൽക്കാനായി എത്ര മരച്ചീനി ബാക്കിയുണ്ട് ?<br>നമുക്ക് എങ്ങനെ കണ്ടെത്താം ? 34 നിന്ന് 7 കുറയ്ക്കണം. ആദ്യം 34 നിന്നും 4 കുറക്കാം. അപ്പോൾ 30. 7 കുറയ്ക്കേണ്ടതിൽ 4 കുറച്ചു. ഇനിയെത്ര കൂടി കുറയ്ക്കണം 3. 30 നിന്നും 3 കുറച്ചാൽ 27. അതായത് 34 -7 = 27. ഉത്തരങ്ങൾ TB യിലും നോട്ട്ബുക്കിലും രേഖപ്പെടുത്തുന്നു.<br>ഘട്ടം 5 | |

| | |
|---|---|
| മിന്നു തന്റെ 28 മരച്ചീനിയിൽ നിന്നും 9 എണ്ണം വീട്ടാവശ്യത്തിനായി ഉപയോഗിച്ചു. ബാക്കി ചന്തയിൽ വിറ്റു. എങ്കിൽ വിറ്റതിന്റെ എണ്ണം എത്ര ?എങ്ങനെ കണ്ടെത്താം ?<br>ആദ്യം 28 നിന്ന് 8 കുറച്ച് 20 - ൽ എത്താം.<br>9 കുറയ്ക്കേണ്ടതിൽ 8 കുറച്ച് ഇനി എത്ര കൂടി കുറയ്ക്കണം ? 1 20 ൽ നിന്നും 1 കുറച്ചാൽ 19. അതായത് 28 - 9 = 19. പിന്നാക്കക്കാർക്ക വേണ്ടി മുമ്പ് ചെയ്തതുപോലെ ഈർക്കിൽ നാട്ട് അവ പിഴുതുമാറ്റിയ ശേഷം ബാക്കി എണ്ണി ഉത്തരം കണ്ടെത്താൻ ആവശ്യപ്പെടാം.<br>ഘട്ടം 6<br>സംഖ്യയെത്ര ?<br>ചാർട്ടിൽ താഴെപ്പറയുന്ന രീതിയിൽ സംഖ്യ എഴുതി പ്രദർശിപ്പിക്കുന്നു. (Resource 2) തുടർന്ന് TB പേജ് 75 ലെ സംഖ്യയെത്ര എന്ന് പ്രവർത്തനം ചെയ്യിക്കുന്നു.<br>ഘട്ടം 7<br>വർക്ക്ഷീറ്റ് (Resource 3)<br>**കുഞ്ഞനാനയുടെ വാഴത്തോട്ടം.**<br>കുഞ്ഞനാനയുടെ വാഴത്തോട്ടം. കുഞ്ഞനാന വാഴകൃഷി തുടങ്ങി. വാഴ കൃഷിയെപ്പറ്റി അന്വേഷിക്കുന്നതിനു വേണ്ടി കുഞ്ഞനാനയുടെ വീട്ടിലെത്തി. വീട്ടിലെത്തിയ അവർ കുഞ്ഞനാനയോട് എന്താണ് ചോദിച്ചത് ? (TB പേജ് 76 ലെ സംഭാഷണം വായിക്കാൻ അവസരം) തുടർന്ന് കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഓരോ ഗ്രൂപ്പിനും ഓരോ കലണ്ടർ നൽകുന്നു. കുഞ്ഞനാന ഏതു മാസത്തിലാണ് കൃഷി തുടങ്ങിയതെന്ന് കലണ്ടറിൽ കാണിക്കാൻ ആവശ്യപ്പെടുന്നു. തുടർന്ന് TB പേജ് 76 ലെ വാഴയുടെ വിവിധ വളർച്ചാഘട്ടങ്ങളുള്ള ചിത്രം നിരീക്ഷിക്കാൻ ആവശ്യപ്പെടുന്നു. ജനുവരി മുതലുള്ള ഓരോ മാസത്തിലെയും വളർച്ചാഘട്ടങ്ങളാണ് ചിത്രത്തിൽ. ഏതു മാസത്തിലാണ് വാഴ കുലച്ചത് ?<br>കലണ്ടറിന്റെ സഹായത്തോടെ ഓരോ മാസങ്ങൾ നോക്കി ഏതു മാസത്തിലാണ് വാഴ കുലച്ചതെന്ന് കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു . ഐസിടി /ചാർട്ട് വാഴയുടെ ഓരോ വളർച്ചാഘട്ടങ്ങൾ, മാസങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നു. (Resource 1) തുടർന്ന് കലണ്ടർ നോക്കി ' മാസങ്ങൾ 'എന്ന പട്ടിക പൂർത്തിയാക്കുന്നു.<br>ഘട്ടം 2<br>ടീച്ചർ ചാർട്ട് /പ്ലക്കാർഡിൽ മാസങ്ങൾ എഴുതി കാണിക്കുന്നു. കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസിൽ ശ്രദ്ധിക്കുന്ന ഭാഗത്ത് പതിപ്പിക്കുന്നു. കലണ്ടർ നോക്കി ആഴ്ചയിലെ ദിവസങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു.<br>ഘട്ടം 3<br>ആഴ്ചയിലെ ദിവസങ്ങൾ<br>ഒരു ആഴ്ചയിൽ എത്ര ദിവസങ്ങളുണ്ട് ? അവ ഏതൊക്കെ ? കലണ്ടറിൽ ഓരോ മാസത്തിലും ആദ്യം കൊടുത്തിരിക്കുന്ന ദിവസമേത് ? രണ്ടാമതോ ? അങ്ങനെ ഏഴ ദിവസങ്ങളും കണ്ടെത്തുന്നു. ദിവസങ്ങൾ പറയാനും എഴുതാനും അവസരം നൽകുന്നു. ടീച്ചർ ചാർട്ടിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കുന്നു. ആവർത്തിച്ച് വായിക്കാൻ അവസരം നല്കുന്നു. | |

ഘട്ടം 4

തീയതികൾ കണ്ടെത്താം.

ടീച്ചർ ജനുവരി മാസത്തിലെ കലണ്ടർ എടുക്കുവാൻ ആവശ്യപ്പെടുന്നു. ജനുവരി ഒന്നാം തീയതി ഏതു ദിവസമാണ് ? എങ്ങനെ കണ്ടെത്താം ?ടീച്ചർ വിശദീകരിക്കുന്നു . ജനുവരി 6, 14, 20, 23 തീയതികൾ ഏതെല്ലാം ദിവസങ്ങളാണെന്ന് കണ്ടെത്താൻ അവസരം നല്കുന്നു. ഓരോ കുട്ടിയുടെയും ജന്മദിനം കലണ്ടർ നോക്കി ഏത് മാസത്തിൽ എത്രാം തിയതിയിലാണെന്ന് കണ്ടെത്തുന്നു. നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു.

ഘട്ടം 5

വർക്ക്ഷീറ്റ് (Resource 2)

ഘട്ടം 1

TB പേജ് 77 നിരീക്ഷിക്കുന്നു.

ഇത് ഏത് വർഷത്തെ കലണ്ടർ ആണ് ?

ഏതു മാസം ?

കലണ്ടറിലെ ചില തീയതികൾ വിട്ടുപോയിരിക്കുന്നു. അവ വ്യക്തിഗതമായി എഴുതുന്നു. കലണ്ടർ നോക്കി തീയതി കണ്ടെത്താനുള്ള ചോദ്യങ്ങൾ ടീച്ചർ ചോദിക്കുന്നു.

ഡിസംബർ ഒന്നാം തീയതി ഏതു ദിവസമാണ് ?

ഡിസംബർ മാസത്തിൽ ആകെ എത്ര ദിവസങ്ങളുണ്ട്?

കുട്ടികൾ കലണ്ടർ നോക്കി ചോദ്യങ്ങളോട് പ്രതികരിക്കുന്നു. ടിച്ചർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. ചിന്നു മുയലിന്റെയും, കുഞ്ഞനാനയുടെയും സംഭാഷണം വായിക്കുന്നു. അടുത്ത ശനി ഏതു തീയതി ? ഉത്തരം കണ്ടെത്തി പറയുന്നു. തുടർന്ന് ഇതുപോലെ നിരവധി ചോദ്യങ്ങൾ കലണ്ടർ നിരീക്ഷിച്ച് കുട്ടികൾ പരസ്പരം ചോദിക്കുന്നു.

ഘട്ടം 2

കളങ്ങൾ പൂർത്തിയാക്കു

ഒരാഴ്ചയിലെ തീയതിയും, ദിവസത്തിന്റെ പേരും ക്രമമായി എഴുതാനുള്ള പ്രവർത്തനം. കളങ്ങൾ കുട്ടികൾ വ്യക്തിഗതമായി പൂരിപ്പിക്കുന്നു. വായിച്ചവതരിപ്പിക്കുന്നു. ടീച്ചർ ചാർട്ടിൽ എഴുതുന്നു.

ഘട്ടം 3

പാറ്റേൺ കണ്ടെത്താം

കലണ്ടറിലെ തീയതികൾ ക്രമമായി എഴുതി പാറ്റേൺ രൂപീകരിക്കാനുള്ള പ്രവർത്തനം. കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഓരോ ഗ്രൂപ്പിനും കലണ്ടർ നൽകുന്നു. കലണ്ടർ നോക്കി ഞായറാഴ്ചകളിലെ തീയതികളിൽ ക്രമത്തിലെഴുതാൻ ആവശ്യപ്പെടുന്നു. തിങ്കളാഴ്ചത്തെ തീയതികളിൽ ക്രമത്തിലെഴുതുന്നു. എന്തു പ്രത്യേകതയാണ് തീയതികൾക്കുള്ളത് ? പ്രത്യേകത കണ്ടെത്തുന്ന .എഴുതുന്നു. പറയുന്നു. തുടർന്ന് TB യിലെ മറ്റ് ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കണ്ടെത്തി എഴുതുന്നു. അവതരിപ്പിക്കുന്നു.

ഘട്ടം 4

| | |
|---|---|
| വർക്ക്ഷീറ്റുകൾ നൽകുന്നു. A4 പേപ്പറുകൾ നൽകി കലണ്ടർ നിർമിച്ച് പോർട്ട് ഫോളിയോയിൽ ഉൾപ്പെടുത്താം.(Resource 1) | |

**രണ്ടാം ക്ലാസ് സമഗ്ര ടീച്ചിങ് മാന്വലിനായി താഴെ കാണുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക**

**For Samagra TM Click here**